
## കത്തുകൾ




**മുനീർ മുഹമ്മദ് റഫീഖ്, ശ്രീമൂലനഗരം /**

### ശ്രീമൂലനഗരം 'തണൽ'

**പെയിൻ** ആന്റ് പാലിയേറ്റീവ് സംരംഭത്തെക്കുറിച്ച് പ്രത്യേക ലക്കം *പ്രബോധന*ത്തിലെ ലേഖനങ്ങൾ ഈടുറ്റതായി. അഭിനന്ദനങ്ങൾ. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഈദൃശ പ്രവർത്തനങ്ങൾ *പ്രബോധനം* പോലൊരു വാരികയിൽ ഏറെ കാലം ഇടം പിടിക്കാതെ പോയതാണ്, പ്രത്യേക ഓർമപ്പെടുത്തലിലൂടെ ഒരുപിടി ലേഖനങ്ങളുമായി ഇറങ്ങാൻ *പ്രബോധന*ത്തെ പ്രേരിപ്പിച്ചതെന്നു വേണം കരുതാൻ. ഇല്യാസ് തരുവണയുടെ ലേഖനം പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിക്കു പുറമെ ഇതര മുസ്‌ലിം സംഘടനകളുടെയും ഈ മേഖലയിലെ പങ്കാളിത്തം എടുത്തു പറയുന്ന ബഷീർ തൃപ്പനച്ചിയുടെ ഫീച്ചറും ശ്രദ്ധേയമാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ കീഴിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാലിയേറ്റീവ് കേന്ദ്രങ്ങളെ കുറിച്ചുള്ള ലേഖകന്റെ പരാമർശത്തിൽ, നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചില കേന്ദ്രങ്ങളും വിട്ടുപോയിട്ടുണ്ട് എന്ന് ഓർമപ്പെടുത്തട്ടെ. എറണാകുളം ജില്ലയിലെ ശ്രീമൂലനഗരത്ത് നാല് വർഷത്തോളമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'തണൽ' പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂനിറ്റ് അവയിലൊന്നാണ്. ശ്രീമൂലനഗരത്തെ രോഗികൾക്കും അവശതയനുഭവിക്കുന്നവർക്കും മാത്രമല്ല, അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമീപ പ്രദേശത്തുള്ളവർക്കു കൂടി അക്ഷരാർഥത്തിൽ തണലായി മാറിയിരിക്കുകയാണ് ഈ 'തണൽ'. പ്രദേശത്തെ ഇതര മതസ്ഥരായ സുമനസ്സുകളുടെ നിർലോഭമായ പിന്തുണയും ഈ സ്ഥാപനത്തിനുണ്ട്. പ്രദേശത്തെ അമുസ്‌ലിംകൾ ഒരുവേള പ്രസ്ഥാനത്തെയും ഇസ്‌ലാമിനെയും വായിക്കുന്നതും ഈ സ്ഥാപനത്തിന്റെ നിസ്സീമമായ സേവന പ്രവർത്തനങ്ങളിലൂടെയാണ്.

**ഡോ. വി. ഇദ്‌രീസ്, വടകര തണൽ ആന്റ് പാലിയേറ്റീവ് (9745336020)**

### വടകര തണൽ പാലിയേറ്റീവിന്റെ വേറിട്ട മാതൃക

***പ്രബോധനം*** പാലിയേറ്റീവ് ലക്കത്തിൽ പരാമർശിക്കേണ്ട സ്ഥാപനമായിരുന്നു വടകര തണൽ. വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന, കിനാവുകൾ പകരുന്ന പച്ചപ്പ് പോലും അന്യമായിപ്പോയ മനുഷ്യർക്ക് അവരുടെ വിശപ്പിലും വേദനയിലും ഒറ്റപ്പെടലിലും ഭക്ഷണമായും ചികിത്സയായും തലചായ്ക്കാൻ ഇടമായും കൂടെ നിൽക്കുന്ന കൂട്ടായ്മയാണ് വടകര തണൽ അഗതി മന്ദിരം. വെറും ഒരു അഗതി മന്ദിരം എന്നതിനപ്പുറം അത് പ്രയാസപ്പെടുന്നവരുടെയും രോഗികളുടെയും ജീവിതത്തിലേക്ക് കാരുണ്യത്തിന്റെ വിവിധ രൂപങ്ങളായി കടന്ന് ചെല്ലുന്ന മഹാമനസ്‌ക്കരുടെ സഹായത്താൽ കെട്ടി പടുക്കപ്പെട്ട വലിയ പ്രസ്ഥാനമാണ്. ദിനേന 71 പേർക്ക് ഡയാലിസിസ് ചെയ്യാൻ സൗകര്യമുള്ള ഡയാലിസിസ് സെന്റർ സാമ്പത്തിക പരാധീനതയാലും മറ്റു ബുദ്ധിമുട്ടുകളാലും പ്രയാസപ്പെടുന്ന വൃക്ക രോഗികൾക്ക് ഏറെ ആശ്വാസം പകരുന്നതാണ്.

തെരുവിലും വീടിന്റെ ഒറ്റമുറിയിലും ഉപേക്ഷിക്കപ്പെട്ട് വെയിറ്റിംഗ് ഷെഡിന്റെ മൂലകളിലും സർക്കാർ ആശുപത്രിയുടെ ജീർണിച്ച വാർഡുകളിലും ഉപേക്ഷിക്കപ്പെടുന്ന, രോഗവും ഒറ്റപ്പെടലും തളർത്തിയ മനുഷ്യർക്ക് തണൽ അഗതി മന്ദിരം ജീവിതത്തിന്റെ താളം വീണ്ടെടുക്കാനുള്ള തണലിടമാണ്. ആറ്റുനോറ്റുണ്ടായ കുഞ്ഞിന് സംസാര വൈകല്യം വരുമ്പോൾ സ്പീച്ച് തെറാപ്പി ക്ലിനിക്കിൽ പോയി കുട്ടിക്ക് തെറാപ്പി കൊടുക്കാൻ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന മാതാപിതാക്കൾക്ക് അനുഗ്രഹമാണ് തണലിന്റെ സ്പീച്ച് തെറാപ്പി സെന്റർ.

55-ലേറെ വിടുകളിൽ ഹോം കെയർ സർവ്വീസും എപ്പോഴും വിളിച്ചാൽ സഹായത്തിന് ഓടിയെത്താൻ പാകത്തിലുള്ള വളണ്ടിയർമാരും ഡോക്ടറുടെയും നഴ്‌സിന്റെയും സേവനവുമായി സജീവമാണ് തണൽ പാലിയേറ്റീവ് കെയർ.

മാനസിക രോഗികളായി നാടിനും വീടിനും വേണ്ടാതായ രോഗികളെ കണ്ടെത്തി ചികിത്സയും മരുന്നും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് അവരുടെ കൂടെ എപ്പോഴും ഇടപെടുന്ന ഡേ കെയർ പോലുള്ള സംരംഭങ്ങളുമായി സജീവമായ വളണ്ടിയർ സംഘം തണലിന്റെ സൈക്യാട്രി പരിചരണ വിഭാഗത്തെ വേറിട്ടതാക്കുന്നു.

വളരെ പാവപ്പെട്ട വീടുകളിൽ ഭക്ഷണ കിറ്റ് എത്തിച്ചും പിന്നാക്ക പ്രദേശത്ത് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചും സൗജന്യ മരുന്ന് വിതരണം നടത്തിയും രോഗികൾക്ക് തൊഴിൽ പരിശീലനം നൽകിയും ജീവിതത്തിന്റെ കഠിന യഥാർഥ്യങ്ങൾക്ക് മുമ്പിൽ പകച്ച് പോകുന്ന രോഗികൾക്ക് വേണ്ടി ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹകൂടൊരുക്കിയുമാണ് തണലിന്റെ പ്രയാണം. മത, ജാതി സംഘടനാ ഭേദമന്യേ കഷ്ടപ്പെടുന്ന മനുഷ്യർക്ക് വേണ്ടി നില കൊള്ളുന്ന ഈ വേദി 2007-ലാണ് രൂപം കൊണ്ടത്. വടകര താഴെ അങ്ങാടിയിൽ പ്രവർത്തിക്കുന്ന കേന്ദ്രസ്ഥാപനത്തിന് പുറമെ കൊയിലാണ്ടി അരിക്കുളത്തും,നാദാപുരം മണ്ഡലത്തിലെ എടച്ചേരിയിലും കൂടി അനുബന്ധ സ്ഥാപനം തുടങ്ങാനുള്ള ശ്രമത്തിലാണ് തണലിന്റെ പ്രവർത്തകർ. കാരുണ്യപ്രവർത്തനങ്ങൾക്ക് തുറന്ന മനസ്സോടെ സഹായ ഹസ്തം നീട്ടുന്നവരിലാണ് തണലിന്റെയും പ്രയാസപ്പെടുന്ന വലിയൊരു കൂട്ടമാളുകളുടെയും പ്രതീക്ഷ.

thanalvatakara@gmail.com

റഹീം പൊന്നാട് /

## അത് എന്റെ കവിതയാണ്

*പ്രബോധനം* വാരിക 2296-ാം ലക്കത്തിൽ(2013 ഏപ്രിൽ 13) പ്രസിദ്ധീകരിച്ച 'തട്ടിയും മുട്ടിയും കഴിഞ്ഞതാണ് ചട്ടിയും കലവും' എന്ന കവിത എന്റേതാണ്. 2011 സെപ്റ്റംബർ ലക്കം പൂങ്കാവനം മാസികയിൽ 'വീടു വിട്ടുപോയവർ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണ് ഈ കവിത. 'ഇറങ്ങി നടപ്പ്' എന്ന എന്റെ ബ്ലോഗിലും (iranginadappu.blogspot.in) 2012 മാർച്ച് 11-ന് കവിത പോസ്റ്റ് ചെയ്തിട്ടുണ്ട്.

* * *

*ഈ വിവരം ഒട്ടേറെ പേർ ഫോൺ വിളിച്ചും ഇമെയിൽ വഴിയും ഞങ്ങളെ അറിയിച്ചിരുന്നു. അവർക്കെല്ലാം നന്ദി പറയുന്നതോടൊപ്പം തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.*

*- പത്രാധിപർ*

---

എ. അബ്ദുല്ലത്തീഫ് (സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്)/

## സാന്ത്വന പരിചരണ രംഗത്ത് മുമ്പേ നടന്ന് വഴികാട്ടിയത് മലപ്പുറം ജില്ലാ പഞ്ചായത്ത്

***പ്രബോധനം*** പാലിയേറ്റീവ് ലക്കം ശ്രദ്ധേയമായിരുന്നു. ഈ രംഗത്ത് 1996-ലാണ് മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ആശുപത്രിക്ക് പുറത്ത് ജനകീയ പങ്കാളിത്തത്തോടെയുള്ള ആദ്യ പാലിയേറ്റീവ് ക്ലിനിക് പ്രവർത്തനം തുടങ്ങുന്നത്. ഭരണഘടനാ ഭേദഗതിയിലൂടെ കേരളത്തിൽ നിലവിൽവന്ന ത്രിതല പഞ്ചായത്തുകളിൽ തുടക്കത്തിൽ ആശയകുഴപ്പങ്ങളും അവ്യക്തതകളും നിലനിൽക്കുമ്പോഴാണ് 1995-2000 കാലയളവിലെ പ്രഥമ ജില്ലാ പഞ്ചായത്ത്, മലപ്പുറം ജില്ലയിൽ പ്രവർത്തിച്ച് തുടങ്ങിയ പാലിയേറ്റീവ് യൂനിറ്റുകൾക്ക് രോഗികളെ വീടുകളിൽ ചെന്ന് പരിചരിക്കാൻ വാഹനം വാങ്ങിച്ച് നൽകികൊണ്ട് ധീരമായ നിലപാട് കൈകൊണ്ടത്. സംസ്ഥാനത്ത് ഇത്തരമൊരു നടപടി ആദ്യത്തേതായിരുന്നു.

പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ഈ നടപടി വലിയ ആശ്വാസവും ആത്മവിശ്വാസവുമാണ് പകർന്നുനൽകിയത്. അന്നുമുതൽ ഇന്നുവരെയും 17 വർഷത്തോളമായി പാലിയേറ്റീവ് ക്ലിനിക്കുകൾ വഴി ജില്ലാ പഞ്ചായത്ത് രോഗികൾക്കു മരുന്നു നൽകികൊണ്ടിരിക്കുന്നുണ്ട്.

സാമൂഹിക പ്രതിബദ്ധതയും സഹജീവി സ്നേഹവും കരുണയും ആർദ്രതയുമുള്ള മനസിനുടമകളുമായ ജനങ്ങളാൽ സമ്പന്നമായ മലപ്പുറം ജില്ലയിൽ ആരുടെയും പ്രേരണയില്ലാതെ തന്നെ 40 പാലിയേറ്റീവ് ക്ലിനിക്കുകൾ ഇതിനകം രൂപംകൊണ്ടു. വൃക്ക രോഗ ബാധിതരെ സഹായിക്കുന്നതിനായി 2007-ൽ ആരംഭിച്ച കിഡ്നി വെൽഫെയർ സൊസൈറ്റി ആണ് ഈ രംഗത്തെ ജില്ലാ പഞ്ചായത്തിന്റെ മറ്റൊരു പ്രധാന സംരംഭം.

2007-ൽ 46 രോഗികൾക്ക് സഹായം നൽകികൊണ്ട് പ്രവർത്തനം തുടങ്ങിയ കിഡ്നി സൊസൈറ്റി 2012-ൽ 605 രോഗികൾക്ക് സഹായം കൊടുത്തുകൊണ്ടിരിക്കുന്നു. ഡയാലിസിസ് നടത്തുന്നവർക്കുള്ള സഹായ വിതരണം, വൃക്ക മാറ്റിവെച്ചവർക്കുള്ള മരുന്ന് വിതരണം, സഹായങ്ങൾ നൽകുന്നവരെ കുറിച്ചുള്ള അന്വേഷണം നടത്തൽ തുടങ്ങിയ കാര്യങ്ങൾക്കെല്ലാം ജില്ലാ പഞ്ചായത്തിനെ സഹായിച്ചുകൊണ്ടിരിക്കുന്നത് പാലിയേറ്റീവ് ക്ലിനിക്കുകളാണ്. രോഗികൾക്കുള്ള സഹായം, മരുന്ന് എന്നിവ ക്ലിനിക്കുകൾ വഴിയാണ് വിതരണം നടത്തുന്നത്. രോഗികളുടെ എണ്ണം നാൾക്കുനാൾ വർധിക്കുന്നതിനാൽ ബോധവത്കരണത്തിനു വേണ്ടി ഒരു ഡോക്യുമെന്ററി തയാറാക്കി സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിച്ചു വരുന്നു. മാനസികവും ബുദ്ധിപരവുമായ അവശതയനുഭവിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് വേണ്ടി ജില്ലാ പഞ്ചായത്ത് ആരംഭിച്ച മറ്റൊരു സംരംഭമാണ് 'പ്രതീക്ഷ'.

മലപ്പുറം ജില്ലയിൽ 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളിൽ ഈ ഗണത്തിൽപ്പെടുന്നവർ പതിനൊന്നായിരത്തിലധികമുണ്ട്. ജില്ലയിലെ മൂന്ന് കേന്ദ്രങ്ങളിൽ (എടപ്പാൾ, എടവണ്ണ, മലപ്പുറം), കോഴിക്കോട് ഇംഹാൻസിന്റെ സഹായത്തോട് കൂടി 'പ്രതീക്ഷാലയം' എന്ന പേരിൽ ഈ കുട്ടികളെ പരിശോധിക്കുന്നതിനും മറ്റുമായുള്ള കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എയിഡ്സ് ബാധിതർക്ക് വേണ്ടി നടത്തുന്ന പദ്ധതിയായ 'സുരക്ഷ'യും പരിരക്ഷാ ഹോം കെയർ സംവിധാനങ്ങളുമാണ് മറ്റു ശ്രദ്ധേയമായ സംരംഭങ്ങൾ.

2006-'07 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് തുടങ്ങിവെച്ച പരിരക്ഷ എന്ന ഹോംകെയർ പദ്ധതിയാണ് കേരളത്തിന്റെ ആരോഗ്യ മേഖലയിലെ പാലിയേറ്റീവ് പോളിസിയായി രൂപാന്തരപ്പെട്ടത്. ഓരോ വർഷവും 25 വീതം ഗ്രാമ പഞ്ചായത്തുകളിൽ പരിരക്ഷ പദ്ധതി ആരംഭിച്ച്, ഘട്ടംഘട്ടമായി മലപ്പുറം ജില്ലയിലെ 100 പഞ്ചായത്തുകളിലും പദ്ധതി സമ്പൂർണമാക്കാനാണ് തീരുമാനിച്ചിരുന്നത്. ആസൂത്രണം ചെയ്തതു പോലെ തന്നെ 2011-ൽ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പരിരക്ഷ സമ്പൂർണമാക്കാൻ കഴിഞ്ഞു.

തദ്ദേശ സ്വയംഭരണകൂടങ്ങളും എം.എൽ.എ മാരും എം.പിമാരും വ്യക്തികളും സ്ഥാപനങ്ങളും പാലിയേറ്റീവ് ക്ലിനിക്കുകളെ സഹായിക്കുകയും പിന്തുണക്കുകയും ചെയ്തതുകൊണ്ടാണ് ഈ നേട്ടം കൈവരിക്കാനായത്. പാലിയേറ്റീവ് ദിനത്തിൽ സംഭാവനകൾ നൽകി ഈ കാരുണ്യ കൂട്ടായ്മയിൽ വിദ്യാലയങ്ങളിലെ കുരുന്ന് മക്കൾ പോലും കണ്ണികളാവുന്നു എന്നത് മലപ്പുറത്തിന്റെ അപൂർവതയാണ്.